"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ പേഴ്സണൽ അസിസ്റ്റൻറ് ആയിരുന്ന ശ്രീ.അനിൽകുമാർ എൻ.ജി., ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ.ഫിറോസ് എസ്., സീനിയർ ക്ലർക്കായിരുന്ന ശ്രീമതി ബിനി ആർ. എന്നിവരെ സർവീസിൽ പുനഃപ്രവേശിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1043/2026/GEDN തീയതി,തിരുവനന്തപുരം, 04-02-2026

---

പരാമർശം:-

1. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 04/08/2025-ലെ ഡിജിഇ/15726/വിബി5 നമ്പർ ഉത്തരവ്
2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 05/08/2025-ലെ ഡിജിഇ/15726/വിബി5 നമ്പർ ഉത്തരവ്
3. 11/08/2025- ലെ സ.ഉ (സാധാ) നം.5221/2025/പൊ.വി.വ
4. കുറ്റാരോപിതർ സർക്കാരിൽ സമർപ്പിച്ച പുനഃപരിശോധന ഹർജി
5. 18/08/2025-ലെ സ.ഉ (സാധാ) നം.5408/2025/പൊ.വി.വ
6. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 30/08/2025-ലെ ഡിജിഇ/15726/വിബി5 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പത്തനംതിട്ട, ജില്ലാവിദ്യാഭ്യാസ ഓഫീസ് പരിധിയിലുള്ള നാറാണംമുഴി, സെൻറ് ജോസഫ് എച്ച്.എസ്.ലെ UPST ശ്രീമതി ലേഖാ രവീന്ദ്രന്റെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സമയബന്ധിതമായി വിതരണം ചെയ്യുന്നതിൽ പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ പേഴ്സണൽ അസിസ്റ്റന്റ് ആയിരുന്ന ശ്രീ.അനിൽകുമാർ എൻ.ജി. , ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ.ഫിറോസ് എസ്., സീനിയർ ക്ലർക്കായിരുന്ന ശ്രീമതി ബിനി ആർ. എന്നിവരുടെ ഭാഗത്തുനിന്നും വീഴ്ച വന്നിട്ടുള്ളതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മേൽ ഉദ്യോഗസ്ഥരെ 1960 ലെ കേരള സിവിൽ സർവിസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പിലും) ചട്ടം 10 (1) (a) പ്രകാരം അന്വേഷണ വിധേയമായി ഉടൻ പ്രാബല്യത്തിൽ പരാമർശം (1) പ്രകാരം

പൊതു വിദ്യാഭ്യാസ ഡയറക്ടർ വേലവിലക്കി ഉത്തരവായിരുന്നു. ടി ഉദ്യോഗസ്ഥരിൽ പേഴ്സണൽ അസിസ്റ്റന്റ് ആയിരുന്ന ശ്രീ.അനിൽകുമാർ എൻജി.യുടെ നിയമനാധികാരി സർക്കാർ ആയതിനാൽ ടിയാനെ വേലവിലക്കിയ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ മേൽ ഉത്തരവ് സർക്കാർ പരാമർശം (3) പ്രകാരം സാധൂകരിച്ച് നൽകിയിരുന്നു.

2) തുടർന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (2)-ലെ ശിപാർശയുടെ അടിസ്ഥാനത്തിൽ മേൽ ഉദ്യോഗസ്ഥർക്കെതിരെ 1960-ലെ കെ.സി.എസ്. (സി.സി.&എ) ചട്ടം 1 5 പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും ഈ വിഷയത്തിൽ അമ്പേഷണ നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് പൊതു വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി, ഡോ. ചിത്ര എസ്, IAS, ജോയിന്റ് സെക്രട്ടറി ശ്രീ.ബിജുകുമാർ ബി.ടി. എന്നിവരെ സർക്കാർ പരാമർശം (5) പ്രകാരം ചുമതലപ്പെടുത്തുകയും തുടർന്ന് ടി ഉദ്യോഗസ്ഥർ അമ്പേഷണം നടത്തി സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു.

3) പൊതു വിദ്യാഭ്യാസ ഡയറക്ടർ നൽകിയ മേൽ വേലവിലക്കിനെതിരെ ടി ഉദ്യോഗസ്ഥർ സർക്കാരിൽ പരാമർശം (4) പ്രകാരം പുനഃപരിശോധനാ ഹർജി സമർപ്പിക്കുകയുണ്ടായി. ടി ഹർജിയിന്മേൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ പി.എ. ടു ഡി.ഇ.ഒ. ആയിരുന്ന ശ്രീ. അനിൽകുമാർ.എൻ.ജി. ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ.ഫിറോസ് എസ്, സീനിയർ ക്ലർക്കായിരുന്ന ശ്രീമതി.ബിനി.ആർ. എന്നിവർ സമർപ്പിച്ച പുനഃപരിശോധനാ ഹർജിയിന്മേൽ ബഹു. സർക്കാർ തലത്തിൽ തന്നെ ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് പരാമർശം (6) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം 04/08/2025 മുതൽ സസ്പെൻഷനിൽ തുടരുന്ന പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ പേഴ്സണൽ അസിസ്റ്റൻറ് ആയിരുന്ന ശ്രീ.അനിൽകുമാർ എൻ.ജി. ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ.ഫിറോസ് എസ്., സീനിയർ ക്ലർക്കായിരുന്ന ശ്രീമതി.ബിനി.ആർ. എന്നിവരുടെ സസ്പെൻഷൻ 1960 ലെ കേരള സിവിൽ സർവിസ് (തരംതിരിക്കും നിയന്ത്രണവും അപ്പിലും) ചട്ടം 10 (6) പ്രകാരം റദ്ദ് ചെയ്ത് ഉത്തരവ് തീയതി പ്രാബല്യത്തിൽ പിൻവലിച്ച് സേവനത്തിൽ പുനഃപ്രവേശിപ്പിച്ച് ഉത്തരവാകുന്നു. ടി ജീവനക്കാർക്ക് അനുയോജ്യമായ നിയമനം നൽകുന്നതിനുള്ള നടപടി പൊതു വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

5) ടി ഉദ്യോഗസ്ഥർക്കെതിരെ 1960 ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പിലും) ചട്ടം പ്രകാരം സ്വീകരിച്ചു വരുന്ന അച്ചടക്കനടപടിയുടെ തീരുമാനത്തിന് വിധേയമായി അവരുടെ

സസ്പെൻഷൻ കാലയളവ് പ്രത്യേകമായി ക്രമീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ.അനിൽകുമാർ എൻ.ജി., ശ്രീ.ഫിറോസ് എസ്., ശ്രീമതി ബിനി ആർ. (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
വിദ്യാഭ്യാസ ഉപഡയറക്ടർ, പത്തനംതിട്ട
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പത്തനംതിട്ട
പൊതു വിദ്യാഭ്യാസ (സി) വകുപ്പ് (ശ്രീ.അനിൽകുമാർ എൻ.ജി.യ്ക്ക് (അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്) (നിലവിൽ സസ്പെൻഷനിൽ) അനുയോജ്യമായ നിയമനം നൽകുന്നതിനായി)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&.ഇ), കേരളം, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ ( ഫയൽ നം.പൊവി-ഡിഎ1/130/2023/പൊവിവ.)

ഉത്തരവിൻ പ്രകാരം
Signed by
Dhanya M B
Date:04-02-2026 17:28:22

പകർപ്പ്:-ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എയ്ക്ക്